"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

## സംഗ്രഹം

ജീവനക്കാര്യം - അന്യത്ര സേവന വ്യവസ്ഥയിൽ കേരള സംസ്ഥാന എയിഡ്സ് നിയന്ത്രണ സൊസൈറ്റിയിൽ പ്രോജക്ട് ഡയറക്ടറായി നിയമിക്കപ്പെട്ട ഡോ. ശ്രീലത. ആർ -ന്റെ അന്യത്ര സേവന കാലാവധി ആറു മാസം കൂടി ദീർഘിപ്പിച്ചു നൽകി - ഉത്തരവാകുന്നു.

---

ആരോഗ്യ കുടുംബക്ഷേമ (എഫ്.ഡബ്ല്യൂ) വകുപ്പ്

സ.ഉ.(സാധാ) നം.2461/2023/H&FWD    തീയതി,തിരുവനന്തപുരം, 25-09-2023

---

പരാമർശം:-

1. സ.ഉ(പി) നം. 45/13/ഫിൻ. തീയതി 22.01.2013.
2. സർക്കുലർ നമ്പർ 42/2013/ഫിൻ. തീയതി 10.05.2013.
3. 24.09.2022 തീയതിയിലെ സ.ഉ (സാധാ) നം. 2333/2022/ആ.കു.വ നമ്പർ ഉത്തരവ്.
4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 13.09.2023 തീയതിയിലെ ഇ.എ6/16906/2023/ആ.വ.ഡ നമ്പർ കത്ത്.
5. കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി പ്രോജക്ട് ഡയറക്ടറുടെ 04.09.2023 തീയതിയിലെ 3385/2021/AdmnIII/KSACS നമ്പർ കത്ത്.

## ഉത്തരവ്

കേരള സംസ്ഥാന എയിഡ്സ് നിയന്ത്രണ സൊസൈറ്റിയിൽ പരാമർശം 3 ഉത്തരവ് പ്രകാരം അന്യത്ര സേവന വ്യവസ്ഥയിൽ പ്രോജക്ട് ഡയറക്ടറായി സേവനമനുഷ്ഠിച്ചു വരുന്ന ആരോഗ്യ വകുപ്പിലെ അഡീഷണൽ ഡയറക്ടറായ ഡോ. ശ്രീലത. ആർ-ന്റെ അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (5) പ്രകാരം കേരള സംസ്ഥാന എയിഡ്സ് നിയന്ത്രണ സൊസൈറ്റി പ്രോജക്ട് ഡയറക്ടർ ആവശ്യപ്പെടുകയും ടിയാളിന്റെ അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിൽ തടസ്സമില്ലെന്നു അറിയിച്ചുകൊണ്ട് പരാമർശം (4) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ നിരാക്ഷേപ പത്രം ലഭ്യമാക്കുകയുണ്ടായി.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും കേരള സംസ്ഥാന എയിഡ്സ് നിയന്ത്രണ സൊസൈറ്റിയിൽ പ്രോജക്ട് ഡയറക്ടറായി സേവനമനുഷ്ഠിച്ചു വരുന്ന ആരോഗ്യ വകുപ്പിലെ അഡീഷണൽ ഡയറക്ടറായ ഡോ. ശ്രീലത. ആർ -ന്റെ അന്യത്ര സേവന കാലാവധി കേരള സർവ്വീസ് റൂൾസ് ഭാഗം I ന്റെ ചട്ടം 140 (സി) പ്രകാരവും പരാമർശം 1, 2

പ്രകാരമുള്ള നിബന്ധനകൾക്കും അന്യത്ര സേവനത്തിന്റെ മറ്റ് വ്യവസ്ഥകൾക്കും വിധേയമായി 24.09.2023 മുതൽ ആറു മാസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സുഭാഷ് ആർ

അഡിഷണൽ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

പ്രോജക്ട് ഡയറക്ടർ, കേരള സംസ്ഥാന എയിഡ്സ് നിയന്ത്രണ സൊസൈറ്റി, തിരുവനന്തപുരം

ബന്ധപ്പെട്ട വ്യക്തിക്ക് (പ്രോജക്ട് ഡയറക്ടർ, കേരള സംസ്ഥാന എയിഡ്സ് നിയന്ത്രണ സൊസൈറ്റി മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്), കേരള, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (HEALTH-FW2/260/2023-HEALTH)

ഉത്തരവിൻ പ്രകാരം

Signed by
J Vijayanath
Date: 26-09-2023 10:49:23
സെക്ഷൻ ഓഫീസർ

I/99397/2023

**മേലെഴുത്തു നം .ഇഎ6- 16906/2023 ആവഡ. തിയതി . 28.10.2023**

സർക്കാർ ഉത്തരവിനെ പകർപ്പ് അറിവിലേക്കും അനന്തര നടപടികൾക്കുമായി പ്രസിദ്ധീകരിക്കുന്നു.

ആരോഗ്യവകുപ്പ് ഡയക്ടർക്കു വേണ്ടി

GOVERNMENT OF KERALA

0381760